LIBRARY ARCHIVES Kerala Legislative Assembly

നഗരങ്ങളിൽ ക്ലോസ്ഡ് സർക്യൂട്ട് നിരീക്ഷണ ക്യാമറകൾ

225 (3859) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിൽ ക്ലോസ്ഡ് സർക്യൂട്ട് നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതുവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ;

(ബി) നഗരങ്ങളിൽ എവിടെയൊക്കെയാണ് ഇത്തരം ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ) നഗരങ്ങളിൽ ഉണ്ടാകുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിനും ട്രാഫിക് നിയമലംഘനം ചെയ്യുന്നവരെ കണ്ടെത്തുന്നതിനും അതുവഴി വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനും സമരങ്ങളിലും മറ്റും പൊതുമുതൽ നശിപ്പിക്കുന്നവരെ കണ്ടെത്തി നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനും അത്യാവശ്യം വേണ്ട സമയങ്ങളിൽ പൊതുജനങ്ങൾക്ക് നിരത്തിൽ നിർദ്ദേശം നൽകുന്നതിനും നിരീക്ഷണ ക്യാമറകൾ വളരെയധികം സഹായകരമാണ്.

(ബി) സംസ്ഥാനത്തെ നഗരങ്ങളിൽ ക്യാമറകൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

പള്ളിക്കൽ പോലീസിന്റെ കേസ് അന്വേഷണം സംബന്ധിച്ച പരാതി

226 (3860) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പള്ളിക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ. 482/2011 എന്ന കേസിന്റെ അന്വേഷണം ഫലപ്രദമല്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത കേസ് സി.ബി.ഐ. അന്വേഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പള്ളിക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ. 482/2011-ാം നമ്പർ കേസ് 9-10-2013 മുതൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം തിരുവനന്തപുരം റൂറൽ ജില്ലാ ക്രൈംബ്രാഞ്ച് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ഫലപ്രദമായി അന്വേഷിച്ചുവരികയും എഫ്.ഐ.ആർ.-ൽ പറഞ്ഞിരിക്കുന്ന Sec. 174 CrPC ഭേദഗതി ചെയ്ത് 498 (A) IPC പ്രകാരം ടി കേസിന്റെ അന്വേഷണം നടന്നുവരുന്നതും ഈ കേസിലെ പ്രതിയായ നാസർഖാനെ 7-10-2014-ന് അറസ്റ്റ് ചെയ്ത് റിമാന്റ് അപേക്ഷ സഹിതം ബഹുമാനപ്പെട്ട ആറ്റിങ്ങൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ്-II കോടതിയിൽ ഹാജരാക്കിയിട്ടുള്ളതുമാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി റിമാന്റ്നുവദിച്ച് 25-10-2014 വരെ ജുഡീഷ്യൽ കസ്റ്റഡിയിൽ കഴിഞ്ഞ് വരവെ ടിയാൻ ജാമ്യത്തിൽ പോയിട്ടുള്ളതുമാണ്. സി.ബി.ഐ. അന്വേഷണം സംബന്ധിച്ച് ശിപാർശകളൊന്നും നിലവിലില്ല.

അന്യസംസ്ഥാന തൊഴിലാളികൾ

227 (3861) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെത്തുന്ന അന്യസംസ്ഥാന തൊഴിലാളികൾക്കിടയിൽ കുറ്റവാളികളും തീവ്രവാദികളും നുഴഞ്ഞു കയറുന്നത് തടയുവാനും നിരോധിച്ച പുകയില ഉല്പന്നങ്ങളും മയക്കു മരുന്നുകളും ഇവരിലൂടെ കൈമാറ്റം ചെയ്യുന്നത് തടയുവാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) അന്യസംസ്ഥാന തൊഴിലാളികളുടെ താമസ സ്ഥലങ്ങളിൽ കൃത്യമായ തിരിച്ചറിയൽ രേഖയുടെ അടിസ്ഥാനത്തിൽ മാത്രം താമസിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) ഇവ പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?